# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 314 14.03.2018-ൽ മറുപടിയ്ക്ക്

### ലോക കേരളസഭയുടെ പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. ബാബു<br>ശ്രീ. ജയിംസ് മാത്യു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ജനപ്രതിനിധികളുടെയും പ്രവാസി പ്രതിനിധികളുടെയും സ്ഥിരം സംവാദ-ആലോചന വേദിയായ ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ രൂപപ്പെട്ട പ്രധാന നിർദ്ദേശങ്ങളും ആശയങ്ങളും എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) കേരളത്തിന്റെ വികസന ഭാവിയ്ക്ക് പുതിയ ഊർജ്ജം പകരുന്ന ഒട്ടേറെ നിർദ്ദേശങ്ങളുടെ രൂപീകരണത്തിലേയ്ക്ക് ലോക കേരള സഭ നയിച്ചിട്ടുണ്ട്.<br>● പ്രവാസി വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം നിലനിർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.<br>● അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.<br>● പുതിയ കാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം- ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നല്കും.<br>● കേരള വികസന നിധി രൂപീകരണം<br>● പ്രവാസി സംരക്ഷണ പദ്ധതി- രോഗബാധിതരാകുന്നവർക്ക്, അപകടത്തിൽപ്പെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നല്കാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിനു മാർഗ്ഗ രേഖയും സുരക്ഷാ ചട്ടങ്ങളും രൂപീകരിക്കൽ.<br>● സിയാൽ മാതൃകയിലുള്ള നിക്ഷേപ മേഖലകളുടെ രൂപീകരണം. |

- വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക-കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപക സഹകരണത്തിനു പദ്ധതി തയ്യാറാക്കൽ.
- അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.
- മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കൽ.
- വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.

| | | | |
|---|---|---|---|
| (ബി) | ഇവയുടെ ഫലപ്രദമായ നടത്തിപ്പിനായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) | പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ അന്തിമ മാർഗ്ഗ രേഖ തയ്യാറായിട്ടില്ല. അവ തയ്യാറാകുന്ന മുറയ്ക്ക് നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. |
| (സി) | പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം തീരുമാനങ്ങളാണ് ലോക കേരള സഭ സമ്മേളനത്തിൽ കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ജനുവരി 12,13 തീയതികളിൽ നടന്ന സമ്മേളനത്തിൽ പ്രവാസികളിൽ നിന്നുള്ള നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന നിക്ഷേപമേഖലയിൽ എത്തിക്കുന്നത് ഒരു മുഖ്യ വിഷയമായിരുന്നില്ല. ആയതിനാൽ പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനു മാത്രമായി ലോക കേരള സഭ സമ്മേളനത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. എന്നാൽ ഇക്കാര്യത്തിനു വേണ്ടി ലോക കേരള സഭയുടെ ഭാഗമായി സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിന് ആലോചനയുണ്ട്. |
| ഡി) | ലോക കേരള സഭയുടെ അടുത്ത സമ്മേളനം എന്നേയ്ക്ക് ചേരുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ഡി) | ലോക കേരള സഭ കാലാവധിയില്ലാത്ത തുടർച്ചയായ സഭയായിരിക്കും. കുറഞ്ഞത് രണ്ട് വർഷത്തിലൊരിക്കലെങ്കിലും ചേരുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ